# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 587 11.06.2013 -ൽ മറുപടിക്ക്

ഭവന നിർമ്മാണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. ശർമ്മ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭവന നിർമ്മാണ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്. |

I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം:

(i)കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസപദ്ധതി-ഒന്നാം ഘട്ടം-218 വീടുകൾ.

(ii) ഇന്നൊവേറ്റീവ് ഭവന പദ്ധതികൾ

(a) തൃശ്ശൂർ കട്ടനെല്ലൂരിൽ phase II &III ആയി 24 ഫ്ലാറ്റുകൾ വീതം.

(b) കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം phase I & II ആയി 24 ഫ്ലാറ്റുകളും 16 ഫ്ലാറ്റുകളും.

(iii) സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതികൾ

(a) കാസർഗോഡ് phase I - 12 ഫ്ലാറ്റുകൾ

(b) ദേവികുളം - phase II - 6 ഫ്ലാറ്റുകൾ

(c) കാസർഗോഡ്-phase II- 12ഫ്ലാറ്റുകൾ

(iv) കട്ടപ്പന, കോഴിക്കോട്, മുട്ടം (Addl Block) വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതികൾ.

(v) 1. M.N. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി (തുടർ പദ്ധതി) 1957 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാക്കുകയുണ്ടായി.

2. സുരക്ഷാഭവന പദ്ധതി (തുടർ പദ്ധതി) 132 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാക്കി.

3. പാരസ്പര്യം ഭവന പദ്ധതി കവടിയാർ ഹൈറ്റ്സ് (ഫ്ലാറ്റ്സ്) ഭവന പദ്ധതി 26 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.

4. സുനാമി പുനരധിവാസ പദ്ധതി 1885 വീടുകൾ ബോർഡ് നേരിട്ട് പണി പൂർത്തിയാക്കുകയുണ്ടായി.

## II. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം

സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1. കാരോട്, കല്ലുവാതുക്കൽ, അടൂർ, പാല, പാലക്കാട്, ചിറ്റൂർ എന്നീ കേന്ദ്രങ്ങളിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറകളുടെ പ്രവർത്തനം ആരംഭിക്കുകയും ചെട്ടികുളങ്ങര, വയനാട്, മുട്ടം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2. പാല, അടൂർ സെന്ററുകളിൽ നിർമ്മാണ സാമഗ്രികളുടെ ഗുണ നിലവാരം പരിശോധിക്കുന്ന പരിശോധന ശാലകൾ ആരംഭിച്ചു.

3. കാരോട്, കല്ലുവാതുക്കൽ, എന്നിവിടങ്ങളിൽ നിർമ്മാണ സാമഗ്രികളുടെ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിച്ചു.

4. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആധുനിക സർവ്വെ ലാബുകൾ ആരംഭിച്ചു.

5. തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ മണ്ണ് പരിശോധന ലാബുകൾ ആരംഭിച്ചു.

6. കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ തൊഴിൽ രഹിതരായ യുവതികൾക്ക് പരിശീലനം നൽകി.

7. പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലികൾ പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി അറയുടേയും പുരയുടേയും മാതൃകകളുടെ നിർമ്മാണം ആരംഭിച്ചു.

8. വാഴമുട്ടത്ത് ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ കാമ്പസ് നിർമ്മാണത്തിനുവേണ്ടി College of Engineering Trivandrumവുമായി സഹകരിച്ച് Master planന്റെ രൂപകല്പനയുടെ നടപടികൾക്ക് തുടക്കം കുറിച്ചു.

9. Construction Work Management നെ കുറിച്ച് അവബോധം സൃഷ്ടിക്കാനായി കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് Engineerമാർക്കും മറ്റ് സാങ്കേതിക വിദഗ്ധർക്കും വേണ്ടി 6 ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിച്ചു.

10. ചെലവ് കുറഞ്ഞതും പരിസ്ഥിതിയ്ക്ക് അനുയോജ്യമായ വിധത്തിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് കേരളത്തിലെ വിവിധ Engineering college കുട്ടികൾക്ക് 7 പരിശീലന പദ്ധതികൾ നൽകി.

(ബി) ഭവന നിർമ്മാണ ബോർഡ് എത്ര ഹൗസിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ ബോർഡ് താഴെപ്പറയുന്ന ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) സാഫല്യം ഭവന പദ്ധതി
(2) സങ്കേതം ഭവന പദ്ധതി
(3) സാന്ത്വനം ഭവന പദ്ധതി

കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ പരിശോധിച്ചു വരുന്നു

1. പൂജപ്പുര ഇന്നൊവേറ്റീവ് ഭവന പദ്ധതി-മൂന്നാം ഘട്ടം (24 ഫ്ലാറ്റുകൾ)
2. സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതികൾ
   (a) ദേവികുളം-phase III - 6 ഫ്ലാറ്റുകൾ
   (b) കാസർഗോഡ് - phase III -12 ഫ്ലാറ്റുകൾ
   (c) കുട്ടനെല്ലൂർ - 6 ഫ്ലാറ്റുകൾ
3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ
   (a) തിരുവനന്തപുരത്ത് NCC നഗർ
   (b) എറണാകുളത്ത് ഇടപ്പള്ളി
   (c) തൃശ്ശൂരിൽ ചാലക്കുടി, മുളംകുന്നത്ത്കാവ്
4. ഗൃഹശ്രീ ഭവന പദ്ധതി (എല്ലാ ജില്ലകളിലും)

| | |
|---|---|
| (സി) ഓരോ ജില്ലയിലും നാളിതു വരെ എത്ര വീടുകൾ വീതം പണി കഴിപ്പിച്ചു ; അതിൽ എത്ര വീടുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (സി) ഈ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ ബോർഡ് പണിത വീടുകളുടേയും വിതരണം ചെയ്ത വീടുകളുടേയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ലയുടെ പേര് | പദ്ധതിയുടെ പേര് | യൂണിറ്റുകളുടെ എണ്ണം | വിതരണം ചെയ്തത് |
|---|---|---|---|
| തിരുവനന്തപുരം | 1. കവടിയാർ ഹൈറ്റ്സ് (അവസാന ഘട്ട പണി പുരോഗമിക്കുന്നു) | 36 | 31 |
| | 2. ഇന്നൊവേറ്റീവ് ഭവന പദ്ധതി പൂജപ്പുര (അലോട്ട്മെന്റ് നടപടികൾ പൂർത്തിയായി വരുന്നു) | 24 | 24 |
| | 3. സുനാമി ഭവന പദ്ധതി | 91 | 91 |
| | 4. എം.എൻ. ലക്ഷം വീട്പുനർനിർമ്മാണ പദ്ധതി | 40 | 40 |
| | 5. സുരക്ഷ | 122 | 122 |
| കൊല്ലം | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 37 | 37 |
| | 2. സുരക്ഷാ ഭവന പദ്ധതി | 1 | 1 |
| | 3. സുനാമി ഭവന പദ്ധതി | 508 | 508 |
| പത്തനംതിട്ട | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 40 | 40 |
| | 2. സുരക്ഷാ ഭവന പദ്ധതി | -- | -- |
| | 3. സുനാമി ഭവന പദ്ധതി | -- | -- |
| ആലപ്പുഴ | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 104 | 104 |
| | 2. സുരക്ഷാ ഭവന പദ്ധതി | 1 | 1 |
| | 3. സുനാമി ഭവന പദ്ധതി | -- | -- |
| കോട്ടയം | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 101 | 101 |
| | 2. സുരക്ഷാ ഭവന പദ്ധതി | -- | -- |
| | 3. സുനാമി ഭവന പദ്ധതി | -- | -- |
| ഇടുക്കി | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 27 | 27 |
| | 2. സുരക്ഷാ ഭവന പദ്ധതി | -- | -- |
| | 3. സുനാമി ഭവന പദ്ധതി | -- | -- |
| എറണാകുളം | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 300 | 300 |
| | 2. സുരക്ഷാ ഭവന പദ്ധതി | -- | -- |
| | 3. സുനാമി ഭവന പദ്ധതി | 82 | 82 |
| തൃശ്ശൂർ | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി. | 209 | 209 |
| | 2. സുരക്ഷാ ഭവന പദ്ധതി | -- | -- |
| | 3. സുനാമി ഭവന പദ്ധതി | 527 | 527 |

| | | | |
|---|---|---|---|
| | 4. ഇന്നൊവേറ്റീവ് ഭവന പദ്ധതി (അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു)<br>5.വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പൂപ്പുഴി (അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു) | 24<br><br>125 കിടക്കകൾ | 24<br><br>125കിടക്കകൾ |
| പാലക്കാട് | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി | 799<br>--<br>-- | 799<br>--<br>-- |
| മലപ്പുറം | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി | 157<br>2<br>94 | 157<br>2<br>94 |
| കോഴിക്കോട് | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി<br>4. ശാന്തിനഗർ (ബംഗ്ലാദേശ് കോളനി) ഒന്നാംഘട്ടം പുനരധിവാസ ഭവന പദ്ധതി | 105<br>5<br>215<br>218 | 105<br>5<br>215<br>184 |
| കണ്ണൂർ | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി | 26<br>--<br>118 | 26<br>--<br>118 |
| കാസർഗോഡ് | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി | 1<br>1<br>254 | 1<br>1<br>254 |
| വയനാട് | 1. എം.എൻ.ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി.<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സുനാമി ഭവന പദ്ധതി | 11<br>--<br>-- | 11<br>--<br>-- |

Section officer